# കോടനാട് പള്ളിയുടെ ചരിത്രം

റവ. ഡോ. ബർക്കുമാൻസ് കൊടയ്ക്കൽ

കേരളത്തിലെ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് പെരിയാറിന്റെ തീരത്തെ പ്രകൃതിരമണീയമായ കോടനാട്. കോടമഞ്ഞ് പൊതിഞ്ഞ് കിടന്നിരുന്ന നാടായിരുന്നതിനാലാണ് ഈ ഭൂപ്രദേശത്തിന് കോടനാട് എന്ന പേരുവന്നത് എന്നാണ് അഭ്യൂഹം. നൂറ്റാുകൾക്കു മുമ്പ് വനവും വന്യമൃഗങ്ങളുമായിന്ന ഈ പ്രദേശത്ത് മനുഷ്യവാസം നന്നേ കുറവായിരുന്നു. കാട്ടാനകളെ പിടിച്ച് ഇണക്കിയെടുത്ത് നാട്ടാനകളാക്കുന്നതിന് ആനക്കൂട് (ആനപരിശീലന കേന്ദ്രം) തുടങ്ങിയതോടുകൂടിയാണ് കോടനാട് ശ്രദ്ധിക്കപ്പെടാൻ തുടങ്ങിയത്. അതിലുപരി തിരുവിതാംകൂറിലെ അന്നത്തെ മൂന്ന് ഫോറസ്റ്റ് ഡിവിഷനുകളിലൊന്നായിരുന്ന മലയാറ്റൂർ ഡിവിഷന്റെ ആസ്ഥാനമായിത്തീർന്നു കോടനാട്. റെയിഞ്ചാഫീസ്, പോസ്റ്റോഫീസ്, എക്സൈസ് ചെക്കിംഗ്സ്റ്റേഷൻ, ഗവ. എൽ.പി സ്കൂൾ, പൊലീസ് ഔട്ട് പോസ്റ്റ് തുടങ്ങിയ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരുടെ ഭവനങ്ങളും ഉായതോടെ കോടനാട് സാംസ്ക്കാരികമായി വളരാൻ തുടങ്ങി.

**ദേവാലയം ഉയരുന്നു (ആദ്യത്തെ പള്ളി)**

കോടനാട്ട് ഒരു കത്തോലിക്ക ദേവാലയം ഉാകുന്നത് 75 വർഷങ്ങൾക്ക് മുമ്പ് മാത്രമാണ്, അതായത് 1934-ൽ. പാദുവായിലെ വിശുദ്ധ അന്തോണിയുടെ നാമത്തിലുള്ള ഈ ദേവാലയത്തിന്റെ ചരിത്രം ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹായുടെ പാദസ്പർശനത്താൽ പുണ്യഭൂമിയായിത്തീർന്ന, പെരിയാറിന്റെ മറുകരയായ, മലയാറ്റൂരിൽ നിന്നാണാരംഭിക്കുന്നത്. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ ഈ പ്രദേശം കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ചേരാനല്ലൂർ ഇടവകദേവാലയത്തിൽ നിന്നും ഏറെ അകന്നും ഒറ്റപ്പെട്ടും കിടന്നിരുന്നു. അതിനാൽ, ആത്മീയകാര്യങ്ങൾക്ക് പ്രധാനമായി മലയാറ്റൂർ പള്ളിയെയാണ് ഇവിടത്തെ കത്തോലക്കർ ആശ്രയിച്ചിരുന്നത്. നിറഞ്ഞൊഴുകുന്ന പെരിയാർ അതിനെന്നും തടസ്സവുമായിരുന്നു. എങ്കിലും, ജനങ്ങൾ മലയാറ്റൂർ പള്ളിയെത്തന്നെ ശരണം പ്രാപിച്ചു. മലയാറ്റൂർ പള്ളിയുടെ കാലാകാലങ്ങളിലെ വികാരിമാർ സൗകര്യങ്ങൾ ചെയ്തുകൊടുത്തുമിരുന്നു.

ഈ സാഹചര്യത്തിലാണ്, ഒരു ദേവാലയത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ട് കോടനാട്ട് ഒരു കുരിശുപള്ളി സ്ഥാപിക്കുന്നതിന് മലയാറ്റൂർ പള്ളിയധികാരികൾ തീരുമാനിച്ചത്. അക്കാലത്ത് മലയാറ്റൂർ പള്ളിയുടെ വികാരിയായിരുന്നത് ബഹു. കോയിക്കര ഔസേപ്പ് അച്ചനായിരുന്നു. കുറിച്ചിലക്കോട് കരയിൽ പള്ളിക്കായി അച്ചൻ ഒരേക്കർ ഏഴ് സെന്റ് സ്ഥലം വാങ്ങി. അദ്ദേഹത്തിന്റെ അപേക്ഷ അംഗീകരിച്ച്, കുറിച്ചിലക്കോട്ട് കുരിശുപള്ളി അനുവദിച്ചുകൊുള്ള ഉത്തരവിൽ എറണാകുളം അതിരൂപതയുടെ അന്നത്തെ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ കത്തിൽ മാർ ആഗസ്തിനോസ് പിതാവ് 1934 മേയ് 22-ാം തിയതി ചെവ്വാഴ്ച്ച ഒപ്പ് വച്ചു. സന്തോഷാധിക്കത്താൽ, പള്ളി പണിയുവാൻ കാത്തുനിൽക്കാതെ, താത്ക്കാലികമായി കെട്ടിയുയർത്തിയ ഷെഡ്ഡിൽ 1934 മേയ് 24-ാം തിയതി ബഹു. കോയിക്കര അച്ചൻ വിശുദ്ധകുർബാന അർപ്പിച്ചു. മെത്രാപ്പോലീത്തയുടെ അഭിലാഷപ്രകാരം വിശുദ്ധ അന്തോണിയുടെ നാമധേയത്തിലാണ് ദേവാലയപ്രതിഷ്ഠ നടത്തിയത്. അന്നുതന്നെ പുതിയപള്ളിയുടെ ശിലാസ്ഥാപനവും നടത്തി. പള്ളിയിൽ ഞായറാഴ്ച്ചകളിലും കടപ്പെട്ട ദിനങ്ങളിലും കുർബാന നടത്തികൊടുക്കുന്നതിന് അക്കൊല്ലം ജൂൺ 14-ന് അതിരൂപതക്കച്ചേരിയിൽനിന്ന് മലയാറ്റൂർ പള്ളിവികാരിക്ക് നിർദ്ദേശം കൊടുത്തു. ബഹു. കോയിക്കര അച്ചനെ തുടർന്നു വന്ന ബഹു. ജോസഫ് കവലക്കാട്ട് (ചിറപ്പണത്ത്) അച്ചൻ പുതിയ പള്ളിക്കുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി. അതിരൂപതക്കച്ചേരിയിൽനിന്ന് അനുവാദവും വാങ്ങി പള്ളിപണി തുടങ്ങി. ബഹു. പാനികുളം ഇട്ടൂപ്പച്ചൻ മലയാറ്റൂർ പള്ളി വികാരിയായിരുന്നപ്പോൾ 1937-ൽ പള്ളിപണി പൂർത്തിയാക്കി. പള്ളിയുടെ ചരിത്രത്തിലെ അവിസ്മരണീയദിനമായ 1937 ജൂൺ 27-ാംതിയതി വൈകുന്നേരം നാലുമണിക്ക് എറണാകുളം മെത്രാപ്പോലീത്ത കത്തിൽ മാർ ആഗസ്തിനോസ് പിതാവ് കോടനാട് പള്ളിയുടെ വെഞ്ചെരിപ്പുകർമ്മം നിർവ്വഹിച്ചു. ഇന്നാട്ടിലെ നാനാജാതി മതസ്ഥർ അതിഗംഭീരമായ സ്വീകരണം അദ്ദേഹത്തിന് നൽകി. 1937 ജൂലൈ 7-ാം തീയതി സെമിത്തേരി പണിപൂർത്തിയാക്കി വെഞ്ചെരിച്ചു. താമസിയാതെ ശവസംസ്ക്കാരവും നടന്നു. ചേരാനല്ലൂർ ഇടവകയിലെ പരേതനായ ചിറയത്ത് റപ്പേൽ ആശാനായിരുന്നു അക്കാലത്ത് വേദപാഠക്ലാസ് നയിച്ചിരുന്നത്. ബഹു. പാനികുളം ഇട്ടൂപ്പച്ചൻ കുടുംബങ്ങൾ സന്ദർശിച്ച് ആത്മസ്ഥിതി തയ്യാറാക്കി.

ബഹു. ജോസഫ് ചിറമേൽ, ബഹു. വർഗ്ഗീസ് പതിയാമൂല എന്നീ വൈദികർക്കു ശേഷം മലയാറ്റൂർ പള്ളിയുടെ വികാരിയായിരുന്ന ബഹു. ജോസഫ് വിതയത്തിൽ അച്ചൻ തന്റെ അസിസ്റ്റന്റ് ബഹു. ആന്റണി പാറക്കലച്ചന്റെ ചുമതലയിൽ കോടനാട്ട് വൈദികർക്കു താമസിക്കുവാനുള്ള പള്ളിമേട 1944-ൽ പണിതീർത്തു. 1944 നവംബർ 29-ന് ബഹു. പയ്യപ്പിള്ളി ഗീവർഗ്ഗീസച്ചൻ കോടനാട്ട് പള്ളിമേടയിൽ താമസിച്ച് പള്ളി നടത്തുന്ന തിന് ചാർജ്ജെടുത്തു. പിന്നീട്, ബഹു. കോട്ടൂർ കുര്യാക്കോസ്, മലമേൽ ദേവസ്സി, പയ്യപ്പിള്ളി തോമസ്, മൂഞ്ഞ നാട് മാത്യു, മുത്തമ്പുഴ പൗലോസ്, ഏനാനിക്കൽ മത്തായി, മഞ്ചപ്പിള്ളി യാക്കോബ്, നമ്പ്യാപറമ്പിൽ ജോസഫ്, പയ്യപ്പിള്ളി ജോസഫ്, മുളവരിക്കൽ ജോസഫ്, ചെമ്പരത്തി ആഗസ്തി, അറയ്ക്കൽ ഐസക്ക്, വടക്കുഞ്ചേരി ലൂയിസ് എന്നീ വൈദികർ ക്രമാനുഗതം കോടനാട് പള്ളിയുടെ ഭരണസാരഥ്യം വഹിച്ചു. 1951 ആഗസ്റ്റ് 6-ാം തിയതിയാണ് ഇടവകക്ക് അതിർത്തി നിശ്ചയിച്ചത്. 1953 മാർച്ച് 6-ാം ഇവിടെ സൊഡാലിറ്റി എന്ന സംഘടന സ്ഥാപിച്ചു.

ബഹു. വടക്കുഞ്ചേരി ലൂയീസച്ചന്റെ കാലത്താണ് (1960-1962) പള്ളിക്ക് നല്ല ഒരു മുഖവാരം പണിതത്. അതിരൂപതാദ്ധ്യക്ഷന്റെ രാമത്തെ സന്ദർശനവും ഇക്കാലത്തായിരുന്നു. 1960 ഏപ്രിൽ 29-ാം തിയതി അഭി വന്ദ്യ ജോസഫ് പാറേക്കാട്ടിൽ പിതാവ് കുട്ടികൾക്ക് ആദ്യകുർബാനയും സ്ഥൈര്യലേപനവും നൽകി. പള്ളി യുടെ ചെലവുകളും മറ്റും നടത്തുന്നതിനുവേ ഒരേക്കർ 57 സെന്റ് സ്ഥലവും 1948-ൽ മലയാറ്റൂർ പള്ളി കുറിച്ചിലക്കോട് ജംഗ്ഷനിൽ പണികഴിപ്പിച്ചിരുന്ന പീടികമുറികളും ബഹു. ലൂയിസച്ചന്റെ നിരന്തര ശ്രമഫല മായി പിന്നീട് 1963 ആഗസ്റ്റ് 7-ാം തിയതി മെത്രാപ്പോലീത്തായുടെ 1961-ലെ കല്പനപ്രകാരം കോടനാട് പള്ളിക്ക് മലയാറ്റൂർ പള്ളിയിൽനിന്ന് ലഭിച്ചു. ഏറെ വിവാദങ്ങൾക്കുശേഷമാണ് ഇവ വിട്ടുകിട്ടിയത്.

**ഇടവകപ്പള്ളിയായി ഉയരുന്നു**

ലൂയീസച്ചനെ തുടർന്ന്, ബഹു. തളിയൻ ജോർജ്ജ് അച്ചൻ സ്ഥാനമേറ്റെടുത്തു. അദ്ദേഹത്തിന്റെ കാലത്താണ് (1963-1966), കൃത്യമായി പറഞ്ഞാൽ, 1963 ആഗസറ്റ് 6-ാം തിയതി കോടനാടിനെ സ്വതന്ത്ര ഇടവക യാക്കി ഉയർത്തിക്കൊള്ള മെത്രാപ്പോലീത്തായുടെ കല്പന ഉായത്. അതിനാൽ, ബഹു. തളിയനച്ചനാണ് ഇടവകയുടെ ആദ്യവികാരി. അന്ന് മലയാറ്റൂർ വികാരിയായിരുന്ന ബഹു. നരയാംപറമ്പിൽ ജോസഫച്ചൻ ഇക്കാര്യത്തിൽ ഉദാരമായ നിലപാട് സ്വീകരിച്ചു. എല്ലാ ജനവിഭാഗങ്ങളെയും ഒന്നായി കിരുന്ന തളിയനച്ചന്റെ വിശാലവീക്ഷണം നാടിന് ഒരനുഭവമായിരുന്നു. ഇടവകയുടെ ആത്മീയചൈതന്യം അക്കാലത്ത് വളരെ ഉയർന്ന നിലയിലെത്തി. ബഹു. ജോസഫ് കുടിയിരിപ്പിൽ അച്ചൻ (1966-1972) പള്ളിക്ക് ഒരു വിങ്ങ് പണികഴിപ്പിച്ചു. അദ്ദേ ഹത്തിന്റെ കാലത്താണ്, 1971 ജൂലൈ 28-ാം തിയതി പാരിഷ് കൗൺസിൽ രൂപീകരിച്ചത്. പിന്നീടു വികാരി യായി വന്നത് ബഹു. പോൾ പയ്യപ്പിള്ളി അച്ചനായിരുന്നു (1972-1975). അദ്ദേഹം സൺഡേസ്കൂൾ കെട്ടിടം പണിയിപ്പിക്കുകയും സിമിത്തേരി വലുതാക്കുകയും ചെയ്തു. ബഹു. സെബാസ്റ്റ്യൻ തോട്ടുങ്കൽ അച്ചൻ (1975 -1979) പള്ളിയുടെ പഴയ മദ്ബഹ പൊളിച്ചു മാറ്റി അകം വികസിപ്പിച്ചു. പുതിയ മദ്ബഹയും സങ്കീർത്തിയും മണിമാളികയും പണിതു. കൃഷി ചെയ്യുന്നതിനും മറ്റുമായി സ്ഥലങ്ങളും വാങ്ങി. ബഹു. തോട്ടുങ്കൽ അച്ചന്റെ കാലത്താണ് ഈ ഇടവകയിൽനിന്ന് ആദ്യമായി ഒരു വൈദികൻ ഉാകുന്നത്. 1978 മാർച്ച് 10-ാം തിയതി അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്ന് ബഹു. കൊടയ്ക്കൽ ബർക്കുമാൻസ് പൗരോഹിത്യം സ്വീകരിച്ചു.

തോട്ടുങ്കൽ അച്ചന് ശേഷം, നവവൈദികനായിരുന്ന ബഹു. വർഗ്ഗീസ് കാട്ടുപറമ്പിൽ അച്ചൻ താത്ക്കാ ലികമായി ആറ് മാസത്തേക്ക് (1979) ഇടവകയെ നയിച്ചു. ബഹു. ജേക്കബ് ഞാളിയൻ അച്ചൻ വികാരിയായിരു ന്നപ്പോൾ (1979-1983) ചെയ്ത സേവനങ്ങളിൽ പ്രധാനമായും ഓർമ്മിക്കേത് കുറിച്ചിലക്കോട് ജംഗ്ഷനിൽ പണിക്കഴിപ്പിച്ച ജൂബിലി സ്മാരകസ്തംഭമായ കപ്പേളയാണ്. മയിലാടുംപാറയിൽ കുരിശിന്റെ വഴിയും കുരി ശിൻ തൊട്ടിയും അദ്ദേഹം സ്ഥാപിച്ചു. പിന്നീട് ഒരു പ്രത്യേകസാഹചര്യത്തിൽ അഞ്ചുമാസക്കാലം മലയാറ്റൂർ പള്ളിയിൽനിന്നാണ് ഇടവകയുടെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്. ബഹു. പീറ്റർ താഴത്തുരുത്തിൽ അച്ചന്റെ കാലത്താണ് (1983-1988) 1984-ൽ ഇടവകയുടെ കനകജൂബിലി ആഘോഷിച്ചത്. അമ്പത് ദിവസങ്ങൾ നീു നിന്ന ആഘോഷമായിരുന്നു അത്. അദ്ദേഹം ജൂബിലിസ്മാരക കപ്പേളയുടെ പണികൾ പൂർത്തിയാക്കി. 1985 ഫെബ്രുവരി 10-ാംതിയതി ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് കപ്പേള വെഞ്ചെരിച്ചുകൊാണ് വിപുലമായ ജൂബിലിയാഘോഷത്തിന് തിരശ്ശീലയിട്ടത്.

ബഹു. പീറ്റർ അച്ചനുശേഷം ബഹു. ജോസഫ് പാലാട്ടിയായിരുന്നു വികാരി (1988-1992). ഇതിനോടകം, ഇടവകയിലെ കുടുംബങ്ങൾ നാനൂറിൽ കവിഞ്ഞിരുന്നതിനാൽ ഇടവകാംഗങ്ങൾക്കെല്ലാവർക്കും ഒന്നുചേർന്ന് ദിവ്യബലിയിൽ പങ്കുചേരുവാൻ സ്ഥലസൗകര്യമില്ലാതെ ഏറെക്കാലമായി ബുദ്ധിമുട്ടനുഭവിച്ചു വരികയായിരുന്നു. അതിനാൽ, പുതിയ പള്ളി പണിയുവാൻ ആലോചനകൾ നടന്നു. ബഹു. വർഗ്ഗീസ് തട്ടിലച്ചൻ വികാരിയായിരുന്നപ്പോൾ (1992-1997) പുതിയ പള്ളി പണിയുവാൻ പൊതുയോഗം തീരുമാനിച്ചു. അതിനായി ഏതാനും മാസം ഫ് പിരിവ് നടത്തിയിരുന്നു. ഇടവകയിലെ ഭൂരിപക്ഷംപേരും അതിൽ പങ്കാളികളായി. അങ്ങനെ സമാഹരിച്ച ഫ് പ്രധാനമായും മണൽ ശേഖരിക്കുന്നതിനാണ് വിനിയോഗിച്ചത്. ചില സാങ്കേതിക കാരണങ്ങളാൽ പള്ളി പണി തുടങ്ങുവാൻ സാധിച്ചില്ല. പക്ഷേ, അദ്ദേഹം കുറിച്ചിലക്കോട് ജംഗ്ഷനിലെ പീടികമുറികൾ പൊളിച്ച് ഇപ്പോഴുള്ളവ പണികഴിപ്പിച്ചു. ബഹു. വർഗ്ഗീസ് പാലാട്ടി അച്ചന്റെയും (1997-2002) ബഹു. ജോസഫ് കല്ലറയ്ക്കൽ അച്ചന്റെയും (2002-2003) കാലത്തും പള്ളി നിർമ്മാണത്തെക്കുറിച്ച് പല പ്രാവശ്യം ആലോചിച്ചുവെങ്കിലും ഫലമണിഞ്ഞില്ല.

**പുതിയ പള്ളി**

പുതിയ പള്ളി പണിയുക എന്ന ആഗ്രഹം വളരെ ശക്തിപ്പെട്ടപ്പോഴാണ് ബഹു. പോൾ കോലഞ്ചേരിയച്ചൻ (2003-2009) ഇവിടെ വികാരിയായി വന്നത്. 2003 ആഗസ്റ്റ് 10-ാം തിയതി ബഹു. കോലഞ്ചേരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ, പള്ളിയും പള്ളിമേടയും പണിയുവാൻ ഐകകണ്ഠ്യേന തീരുമാനമായി. സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ ഓരോ കുടുംബവും നിശ്ചിത തുക വിഹിതമായി കൊടുക്കുന്നതിനും തീരുമാനിച്ചു. ആർക്കിടെക്റ്റ് ലിയോ ഫ്രാൻസിസ് പള്ളിയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി. പണികളുടെ മേൽനോട്ടം വഹിക്കുന്നതിന് കമ്മിറ്റിയെ നിയമിച്ചു. ഇടവകയിൽ നിന്നു മൺമറഞ്ഞുപോയവരുടെ ഓർമ്മക്കായി ശ്രാദ്ധം നടത്തിക്കൊാണ് ദേവാലയ നിർമ്മാണത്തിന് തുടക്കമിട്ടത്. 2004 നവംബർ 9-ാം തിയതി രാവിലെ എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മരിച്ചവർക്കായി ദിവ്യബലിയർപ്പിച്ച് ശ്രാദ്ധം നടത്തി. ദിവ്യബലിമദ്ധ്യേ പള്ളിപണി ഫിന്റെ ഉദ്ഘാടനം അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. പള്ളിപണിക്കായി ഇടവകാംഗങ്ങൾ ഒരു ദിവസത്തെ വേതനം ഏൽപ്പിച്ചത് സ്വീകരിച്ചുകൊായിരുന്നു ഉദ്ഘാടനം.

2005 ജനുവരി 2-ാം തിയതി അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് ദേവാലയത്തിന് ശിലാസ്ഥാപനം നടത്തി. അതിനുശേഷം പൊതുസമ്മേളനവും ഉായിരുന്നു. 2005 ഏപ്രിൽ 21-ാം തിയതി രാവിലെ പുതിയ പള്ളിയുടെ പണി ആരംഭിച്ചു. പള്ളിമേടയുടെ പണിയും ഇതോടൊപ്പം നടത്തി. 2007 മാർച്ച് 14-ാം തിയതി ഞാറാഴ്ച രാവിലെ വിശുദ്ധ കുർബാനക്കുശേഷം പുതിയ പള്ളിമേടയുടെ വെഞ്ചെരിപ്പ് കർമ്മം ബഹു. പോൾ കോലഞ്ചേരിയച്ചൻ നിർവ്വഹിച്ചു. നാലു വർഷംകൊ് പള്ളിപണി പൂർത്തിയാക്കാനാണ് കമ്മിറ്റി പദ്ധതിയിട്ടത്. ദൈവാനുഗ്രഹത്താലും കൂട്ടായ സഹകരണത്താലും ര് വർഷംകൊ് പള്ളിപണി പൂർത്തിയാക്കുവാൻ സാധിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ 2007 മേയ് ഒന്നാം തിയതി ഉച്ചകഴിഞ്ഞ് 2.30 ന് പുതിയ ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ച് മുഖ്യകാർമ്മികനായി കുർബാനയർപ്പിച്ചു. തുടർന്ന് നടത്തിയ പെതുസമ്മേളനത്തിൽ കേരളാ ഹൈക്കോടതി ജഡ്ജി ബഹു. കുര്യൻ ജോസഫ് മുഖ്യാതിഥിയായിരുന്നു.

ഈ ദേവാലയത്തിന് 90 അടി ഉയരവും 130 അടി നീളവും 55 അടി വീതിയുമു്. 1750 ചതുരശ്രഅടിയാണ് വിസ്തീർണ്ണം. വിശുദ്ധ അന്തോണിയെ സംസ്ക്കരിച്ച പാദുവായിലെ ദേവാലയത്തിൽ സ്ഥാപിച്ചിരിക്കുന്ന തിരുസ്വരൂപത്തിന്റെ മാതൃകയിലുള്ളതാണ് കോടനാട് പള്ളിയുടെ മുഖവാരത്തുള്ള തിരുസ്വരൂപം. ഇന്ത്യയിൽ വിശുദ്ധ അന്തോണിയുടെ ഏറ്റവും വലിയ തിരുസ്വരൂപമായ ഇതിന് 23 അടി ഉയരമു്. സെപിയ ടോൺ രീതിയിലുള്ളതാണ് ഈ രൂപത്തിന്റെ പെയിന്റിങ്. ഇത്തരത്തിലുള്ള പെയിന്റിങ് രൂപങ്ങൾ ഇന്ത്യയിൽ അപൂർവ്വമാണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുഹിതം നിറവേറ്റി ലോകത്തിന്റെ പാപങ്ങൾക്ക് സ്വയം പരിഹാരബലിയായി തീർന്ന്, ജീവൻ സമർപ്പിച്ച് ക്രൂശിതനായി കിടക്കുന്ന യേശുവിനെ സ്വർഗ്ഗത്തിലെ മാലാഖമാരുടെ സാന്നിദ്ധ്യത്തിൽ പിതാവായ ദൈവം ഇരുകരങ്ങളും നീട്ടി സ്വീകരിക്കുന്ന വിധമാണ് മദ്ബഹ രൂപക

ല്പന ചെയ്തിരിക്കുന്നത്. ഈ ദേവാലയം നിർമ്മിക്കുന്നതിന് 90 ലക്ഷം രൂപ ചെലവായി. ഇടവകക്കാർ ഒന്നാകെ ബഹു. കോലഞ്ചേരി അച്ചനോട് സഹകരിച്ചതിന്റെയും കൂട്ടായ്മയുടെയും ഫലമാണ് ഈ ആരാധനാലയം.

ഈ ഇടവകദേവാലയത്തിന്റെ 75-ാം വാർഷികത്തിന്റെ നിർവൃതിയിലാണ് ഇപ്പോൾ ഇടവകജനം. ഇപ്പോഴത്തെ വികാരി ബഹു. മാണിക്കത്താൻ ദേവസ്സിയച്ചന്റെ (2009-) നേതൃത്വത്തിൽ 2009 നവംബർ 15-ാം തിയതിയാണ് പ്ലാറ്റിനംജൂബിലിയാഘോഷിച്ചത്. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ദിവ്യബലിയിൽ മുഖ്യകാർമ്മികനായിരുന്നു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അദ്ദേഹം ആദ്യന്തം പങ്കെടുക്കുകയും ചെയ്തു.

**ഇടവകയിൽനിന്നുള്ള വൈദികരും സന്ന്യസ്ഥരും**

ഈ ഇടവകയിൽനിന്ന് ആദ്യമായി ഒരു വൈദികൻ ഉാകുന്നത് 1978 മാർച്ച് 10-ാം തിയതിയാണ്. അന്ന് ബഹു. കൊടയ്ക്കൽ ബർക്കുമാൻസ് അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്ന് എറണാകുളം ബസിലിക്കയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. കോടനാട് പള്ളിയിൽ വച്ച് പുത്തൻകുർബാന അർപ്പിച്ചത് 12-ാം തിയതിയാണ്. നാടിന് ഒരു ഉൽസവദിനമായിരുന്നു അന്ന്. പിന്നീട്, സാഗർ രൂപതക്കുവേി ബഹു. സെബസ്റ്റ്യൻ നെടുങ്ങാട്ടിൽ 1982 ഏപ്രിൽ 21-ാം തിയതിയും, ജലന്തർ രൂപതക്കുവേി ബഹു. പീറ്റർ പള്ളശ്ശേരി 1985 ഏപ്രിൽ 18-ാം തിയതിയും വിൻസെൻഷ്യൻ സഭാംഗമായ ബഹു. ആന്റോ ചിരപ്പറമ്പിൽ 2005 ഡിസംബർ 5-ാം തിയതിയും കോടനാട് പള്ളിയിൽ വച്ച് പൗരോഹിത്യപട്ടം സ്വീകരിക്കുകയുായി. ഫാ. പീറ്റർ പള്ളശ്ശേരി 1999 ഏപ്രിൽ 4-ാം തിയതി ജലന്തറിൽ വച്ച് ഒരു വാഹനാപകടത്തിൽ മരിച്ചു.

ആദ്യമായി ഈ ഇടവകയിൽനിന്നും ഒരു കന്യാസ്ത്രീ ഉാകുന്നത് 1952-ലാണ്. ഈ ആദ്യത്തെ കന്യാസ്ത്രീ, സിസ്റ്റർ ബർക്കുമാൻസ് CSN (കൊടയ്ക്കൽ ശൗരു മേരി), നസറത്ത് സന്ന്യാസസമൂഹത്തിൽ ചേർന്ന് 1952 മാർച്ച് 19-ാം തിയതി വ്രതവാഗ്ദാനം നടത്തി. ഈ ഇടവക ഇതുവരെ 24 കന്യാസ്ത്രീകൾക്ക് ജന്മം നൽകിയിട്ടു്. ബഹു. വേഴപ്പറമ്പിൽ ഇഗ്നേഷ്യസ് മലബാർ മിഷനറി ബ്രദേഴ്സ് എന്ന സന്ന്യാസ സഭയിൽ ചേർന്ന് 1980 ഒക്ടോബർ 31-ാം തിയതി വ്രതവാഗ്ദാനം നടത്തി. ഈ ഇടവകയിൽ 525 കുടുംബങ്ങളും 2200 കുടുംബാംഗങ്ങളും ഇപ്പോൾ ഉ്. ഈ ഇടവകയിൽനിന്നുള്ള മൂന്ന് വൈദികരും 24 സിസ്റ്റേഴ്സും ഒരു ബ്രദറും ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ സഭാസേവനം ചെയ്തുവരുന്നു. 5 വൈദിക വിദ്യാർത്ഥികളും 2 സന്യാസ വിദ്യാർത്ഥിനികളും പരിശീലനം നേടിക്കൊിരിക്കുന്നു്.

**കോൺവെന്റ്**

കോടനാട് പള്ളി മലയാറ്റൂർ പള്ളിയുടെ കുരിശുപള്ളി ആയിരുന്നകാലത്ത് മലയാറ്റൂർ എസ്.ഡി. കോൺവെന്റിലെ കന്യസ്ത്രീകളാണ് വേദപഠക്ലാസ്സുകൾക്ക് സഹായിച്ചിരുന്നത്. 1963-ൽ ഇടവക സ്വതന്ത്രമായപ്പോൾ ആ ചുമതല ഏറ്റെടുത്തത് വല്ലം എസ്.ഡി. കോൺവെന്റിലെ കന്യാസ്ത്രീകളായിരുന്നു. ചേരാനല്ലൂർ പുളിക്കലാൻ അച്ചന്റെ ഇഷ്ടദാനമായി ചുണങ്ങംവേലി മഠത്തിനു ലഭിച്ച മുത്തങ്ങാച്ചാലിലെ സ്ഥലത്ത് 1977-ൽ മഠവും അതിനോടനുബന്ധിച്ച് ആനന്ദഭവൻ എന്ന പേരിൽ ഒരു അഗതിമന്ദിരവും സ്ഥാപിച്ചു. ഇത് ഇടവകദേവാലയത്തിൽ നിന്നും വളരെ ദൂരെയായിരുന്നതിനാൽ പിന്നീട് മഠവും, അഗതിമന്ദിരവും 1991-ൽ കുറിച്ചിലക്കോടിന് തെക്കുഭാഗത്തേക്ക് മാറ്റിസ്ഥാപിക്കുകയുായി.

**തോമാപുരം കുരിശുപള്ളി**

1960 സെപ്റ്റംബർ 22-ാം തിയതി ബഹു. വടക്കുഞ്ചേരി ലൂയീസച്ചന്റെ കാലത്ത് ചെട്ടിനട ഭാഗത്ത് മലയാറ്റൂർ പള്ളിയുടെ വകയായിരുന്ന ഏമ്പക്കാട് പുരയിടത്തിലെ (പനങ്കുരുത്തോട്ടം) മൂന്നേക്കർ 36 സെന്റ് സ്ഥലം അവിടെ പള്ളി പണിയുന്നതിന് കോടനാട് പള്ളിക്ക് സൗജന്യമായി കൊടുക്കാൻ അതിരൂപതാക്കച്ചേരിയിൽ നിന്ന് കല്പനയുായി. 1961 ജൂലൈ 3-ാം തിയതി അവിടെ ഒരു പള്ളി പണികഴിപ്പിച്ച് സ്ഥലത്തിന് തോമാപുരം എന്ന് പേരിട്ടു. തിരുക്കർമ്മാദികളും തിരുനാളും നടത്തി. 1961 ജൂലൈ 24-ലെ കല്പന പ്രകാരം അവിടെ സിമിത്തേരി പണിയുകയും തുടർന്ന് ശവസംസ്ക്കാരം നടത്തുകയുമുായി. പക്ഷേ, കാര്യക്ഷമ

മായി പ്രവർത്തിക്കാൻ കഴിയാതെ വന്നപ്പോൾ 1972-ൽ പള്ളിയും സിമിത്തേരിയും പൊളിച്ചുമാറ്റുകയാണു ാ യ ത് .

**ജിയോപുരം കുരിശുപള്ളി**

ആലാട്ടുചിറയ്ക്കടുത്ത് നെടുമ്പാറയിൽ അന്നാട്ടുകാരനായിരുന്ന കരിപ്പേലി പൈലി 1960-ൽ ബഹു. വടക്കുഞ്ചേരിയച്ചന്റെ കാലത്ത് നാല് സെന്റ് സ്ഥലം കോടനാട് പള്ളിക്ക് ദാനമായി നല്കി. ബഹു. തളിയനച്ചന്റെ കാലത്ത് 1965-ൽ അവിടെ ഒരു കുരിശ് സ്ഥാപിച്ചു. 21 കത്തോലിക്കാകുടുംബങ്ങൾ അക്കാലത്ത് ഈ ഭാഗത്ത് താമസിക്കുന്നുായിരുന്നു. കോടനാട്ടുള്ള ഇടവകപ്പള്ളിയിലേക്ക് ആറ് കിലോമീറ്റർ നടന്നാണ് അവർ പോയിക്കൊിരുന്നത്. മറ്റ് യാത്രാസൗകര്യങ്ങൾ ഇല്ലായിരുന്നു. അതിനാൽ, 1970-ൽ ബഹു. കുടിയിരിപ്പിലച്ചന്റെ ശ്രമഫലമായി അവിടെ വി. ഗീവർഗ്ഗീസിന്റെ നാമധേയത്തിൽ ഒരു കുരിശുപള്ളി പണിത് ജിയോപുരം എന്ന് ആ സ്ഥലത്തിന് പേരിട്ടു. 1970-ഡിസംബർ 24-ാം തിയതി അന്നത്തെ എറണാകുളം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവ് പള്ളി വെഞ്ചെരിക്കുകയും കുർബാന അർപ്പിക്കുകയും ചെയ്തു. ബഹു. പയ്യപ്പിള്ളി അച്ചൻ 1974-ൽ പള്ളിക്ക് മുഖവാരം പണികഴിപ്പിച്ചു. വർഗ്ഗീസ് പാലാട്ടി അച്ചനാണ് സങ്കീർത്തിമുറി പണികഴിപ്പിച്ചത്. പിന്നീട്, ഇടിമിന്നലേറ്റ് പള്ളിക്ക് കേടുപാടുകൾ പറ്റുകയുായി. കോലഞ്ചേരിയച്ചനാണ് പുതിയ പള്ളി പണികഴിപ്പിച്ചത്. സ്ഥലസൗകര്യത്തിനുവേി തെക്കേക്കുടി ഔസേപ്പ് പൗലോസിൽ നിന്ന് വിലകൊടുത്തും തെക്കേക്കുടി ഔസേപ്പ് കുര്യാക്കോസിൽ നിന്ന് ദാനമായും ഭൂമി ലഭിച്ചു. 2008 ജനുവരി 21 ന് പള്ളി പണി തുടങ്ങി. 2008 സെപ്റ്റംബർ 28-ാം തിയതി എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പുതിയ ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ച് മുഖ്യകാർമ്മികനായി കുർബാനയർപ്പിച്ചു.